# 2016-ലെ സി.വി. കുഞ്ഞുരാമൻ സാഹിത്യപുരസ്കാരം നേടിയ
# ശ്രീ. എം. സുകുമാരന് സമർപ്പിക്കുന്ന
# പ്രശസ്തിപത്രം

മലയാള കഥാസാഹിത്യത്തിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച സമുന്നതനായ കഥാകാരനാണ് എം. സുകുമാരൻ. ജീവിതത്തിന്റെ നാനാർത്ഥങ്ങൾ അന്വേഷിക്കുന്നതിൽ എന്നും ജാഗരൂകനായിരുന്ന ഈ അനുഗൃഹീത കഥാകാരന് ബാഹ്യപ്രതലങ്ങളെക്കാൾ പ്രധാനം മനുഷ്യന്റെ ആന്തരികമായ വ്യഥകളും അതിന്റെ സങ്കീർണതകളുമാണ്. അത്തരം ഒരു എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം സർഗപ്രക്രിയ നിരന്തരമായ ഒന്നാവണമെന്നില്ല. ചിലപ്പോഴൊക്കെ സംഭവിക്കുന്ന നിശ്ശബ്ദത ആ സർഗകർമ്മത്തിന്റെ ഭാഗമായിത്തന്നെ പരിഗണിക്കേണ്ടിയിരിക്കുന്നു.

ആധുനികത അരങ്ങുവാഴുന്ന കാലത്താണ് എം. സുകുമാരൻ എഴുതിത്തുടങ്ങിയത്. മൂന്ന് പതിറ്റാണ്ടിനുള്ളിൽ ഒതുങ്ങി നിൽക്കുന്നു ആ രചനാകാലം. എം. സുകുമാരന്റെ അവസാന കഥ പുറത്തുവന്നിട്ട് കാൽ നൂറ്റാണ്ടോളമാകുന്നു. നാലഞ്ചു ലഘു നോവലുകൾ ഉൾപ്പെടെ എം. സുകുമാരൻ കുറിച്ചിട്ട കഥകളുടെ എണ്ണം വലുതല്ല. ഒരു പ്രതിഭാശാലിയെ വിലയിരുത്തുന്നതിന് കൃതികളുടെ എണ്ണം നിർണായകമായ ഘടകമല്ല. കഥാകഥനത്തിൽ സ്വന്തമായൊരുവഴി തെളിച്ചെടുക്കാൻ എം. സുകുമാരന് കഴിഞ്ഞു എന്നിടത്താണ് ആ കഥാകാരന്റെ സർഗസപര്യയുടെ വിജയം കുടികൊള്ളുന്നത്.

കേന്ദ്ര സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും അവാർഡുകൾ ഉൾപ്പെടെ എണ്ണപ്പെട്ട ഏതാനും അവാർഡുകൾക്ക് എം. സുകുമാരൻ അർഹനായിട്ടുണ്ട്. അതുവഴി കേരളീയ സമൂഹം അനുഭവിക്കുന്ന അഭിമാനത്തിൽ ഈ അവാർഡ് സമർപ്പണത്തിലൂടെ സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷൻ പങ്കുചേരുന്നു.

കേരളകൗമുദി സ്ഥാപകനും പത്രാധിപശ്രേഷ്ഠനും നവോത്ഥാനനായകനും കവിയും ശൈലീവല്ലഭനായ ഗദ്യകാരനുമായിരുന്ന സി.വി. കുഞ്ഞുരാമന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള സാഹിത്യപുരസ്കാരം സ്നേഹപൂർവ്വം എം. സുകുമാരന് സമർപ്പിക്കുന്നു. എം.സുകുമാരന്റെ സർഗസപര്യയ്ക്കും വ്യക്തിജീവിതത്തിനും എല്ലാ സൗഭാഗ്യങ്ങളും നേരുന്നു.

എം. മുകുന്ദൻ
അദ്ധ്യക്ഷൻ

ഹാഷിം രാജൻ
കാര്യദർശി

സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷൻ
തിരുവനന്തപുരം
09-04-2016